# അസ്ഹർ എൽ.പി സ്കൂൾ
# പുൽപ്പാറ

## അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025 - 2026

# സ്പന്ദനം



Scanned with OKEN Scanner

# ആമുഖം

വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിലും വിനിമയത്തിലും സംഘാടനത്തിലും കാലോചിതമായ മാറ്റങ്ങൾ അനിവാര്യമാണ്. ശിശുസൗഹൃദവും ഫലപ്രദവുമായ വിദ്യാലയത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്നതാണ് ഓരോ വിദ്യാലയത്തിന്റെയും ലക്ഷ്യം. അക്കാദമിക മികവ് ഉറപ്പാക്കിക്കൊണ്ടാവണം വിദ്യാലയങ്ങൾ പൊതുസമൂഹത്തിന്റെ വിശ്വാസം നേടിയെടുക്കേണ്ടത്.

പൊതുവിദ്യാലയങ്ങളിൽ എത്തിച്ചേരുന്ന കുട്ടികൾക്ക് അവസരതുല്യത, സാമൂഹികനീതി എന്നിവ ഉൾച്ചേർന്ന വിദ്യാഭ്യാസം ഉറപ്പാക്കാൻ നമുക്ക് കഴിയണം. ഒന്നുമുതൽ നാല് വരെയുള്ള ക്ലാസുകളിലെ മുഴുവൻ കുട്ടികൾക്കും അതത് ക്ലാസിൽ കൈവരിക്കേണ്ട ശേഷികളും ധാരണകളും നേടിയെടുക്കുക എന്നതാണ് നാം ലക്ഷ്യമിടുന്നത്. കേരളത്തിന്റെ വിദ്യാഭ്യാസമേഖലയിൽ പൊതുവിദ്യാലയങ്ങൾ നൽകിയ അമൂല്യമായ സംഭാവനകളെ കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടുപോകുക എന്ന ലക്ഷ്യമാണ് നമുക്കുള്ളത്. നാം ആവിഷ്കരിച്ചിട്ടുള്ള പ്രോജക്ടുകൾ എല്ലാം നടപ്പാക്കിയാൽ മികച്ച നിലവാരമുള്ള വിദ്യാലയം ആയി നമ്മുടെ വിദ്യാലയം മാറും.

Scanned with OKEN Scanner

## ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

- സ്കൂൾ ലൈബ്രറി വികസനം
- ക്ലാസ് ലൈബ്രറി
- വായനാ മൂല/മുറി, വായനാവാരം, വായനാപതിപ്പ്
  അമ്മവായന, കുഞ്ഞുവായന
- വരയാം രസിക്കാം
- ലേഖനം
- ജൈവ വൈവിധ്യ പാർക്ക്.
- പ്രവൃത്തി പരിചയം
- ആരോഗ്യം കായികം
- അക്ഷരപ്പുലരി
- ദിനാചരണങ്ങൾ
- ബാലസഭ.
- അസംബ്ലി

ഉപമേഖല :- സ്കൂൾ ലൈബ്രറി വികസനം.

ആമുഖം - കൈത്താങ്ങ് കുട്ടികളുടെ വായനാശേഷി ഉറപ്പാക്കുന്നതിനും പുസ്തകങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനും വിദ്യാലയത്തിൽ തന്നെ നല്ലൊരു പുസ്തക ശേഖരണം ഉണ്ടാവേണ്ടതുണ്ട്. 'കൈത്താങ്ങ്' എന്ന് പേരിട്ടിരിക്കുന്ന പദ്ധതിയിലൂടെ പുസ്തകങ്ങൾ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്.

# പരിസരപഠനം

**ആമുഖം** :- മനുഷ്യൻ ഇന്നേവരെ നേടിയ അനുഭവങ്ങളുടെ ആകെത്തുകയാണ് ശാസ്ത്രം. കാഴ്ച, കേൾവി, രുചി, സ്പർശം, ഗന്ധം എന്നിവയിലൂടെയാണ് ചുറ്റുപാടുകൾ നമുക്ക് അനുഭവവേദ്യമാകുന്നത്. യുക്തമായ ചോദ്യങ്ങൾ ചോദിക്കുകയും പ്രസക്തമായ വിവരങ്ങൾ ശേഖരിക്കുകയും സമഗ്രമായ വിശകലനം നടത്തുകയും ചെയ്യുന്നതിലൂടെ കാര്യ കാരണ വിചാര മനോപ്രവൃത്തിയിലെത്തുന്നു. ഇതാണ് ശാസ്ത്രപ്രകൃതി. മനുഷ്യനും മനുഷ്യനും തമ്മിലും ഉള്ള പാരസ്പര്യം കണ്ടെത്തുന്നതിനുള്ള അവസരം പരിസര പഠനത്തിലൂടെ ലഭ്യമാകണം.

**ലക്ഷ്യങ്ങൾ** :- കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പോഷിപ്പിക്കുക.

- ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുക.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുകയും പ്രയോഗിക്കുകയും ചെയ്യുക.
- വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുന്നു.
- പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുന്നു.
- അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഇല്ലാതാക്കുന്നു.

- ശാസ്ത്രത്തിന്റെ ദുരുപയോഗം തടയുക.
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.
- പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേക പൂർവ്വമാക്കുക.
- സുസ്ഥിര വികസനം എന്ന ആശയം വ്യാപിപ്പിക്കുക
- വ്യക്തിശുചിത്വവും സാമൂഹിക ശുചിത്വവും പാലിക്കുക.
- ശാസ്ത്രത്തിന്റെ നേട്ടങ്ങളിൽ അഭിമാനിക്കുക.
- നാടിന്റെ നേട്ടങ്ങളിൽ അഭിമാനിക്കുക.
- ശാസ്ത്രത്തിനും സാമൂഹിക നന്മയ്ക്കും വേണ്ടി ജീവിതം സമർപ്പിച്ചവരോട് ആദരവ് പുലർത്തുക.

## പ്രവർത്തനങ്ങൾ

- ഫീൽഡ് ട്രിപ്പ്
- പഠനയാത്ര.
- നിരീക്ഷണം (കൺതുറന്ന് കാണാം)
- പോസ്റ്റർ രചന
- ജൈവ കൃഷി
- ലഘുപരീക്ഷണങ്ങൾ
- ശേഖരണം
- ലഘു പ്രോജക്ട്
- വിവരശേഖരണം
- നിർമ്മാണ പ്രവർത്തനങ്ങൾ
- അഭിമുഖം, ശാസ്ത്രജ്ഞന്മാരുകൾ
- വൃക്ഷ സംരക്ഷണം

# ENGLISH

| SL No | LEARNING AIMS | Activity Details | Duration | Duty |
|---|---|---|---|---|
| 1. | English Assembly | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു. | Throughout the year | Class Teacher |
| 2. | English Fest | വായനാ മത്സരം രചനാമത്സരം സർഗ്ഗാത്മക പ്രവർത്തനങ്ങൾ എന്നിവ അവതരണം | September | English Club |
| 3 | English Diary | വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന കാര്യങ്ങൾ ഇംഗ്ലീഷ് ഡയറിയിൽ എഴുതുക. | Throughout the year (Two days in a week) | Class Teacher |
| 4. | Thursday as English day | എല്ലാ വ്യാഴാഴ്ചയും English day ആയി ആചരിക്കുന്നു. എല്ലാ പ്രവർത്തനങ്ങളും അനൗപചാരിക ഭാഷണങ്ങളും ഇംഗ്ലീഷിൽ. | One year | Class Teacher |

Scanned with OKEN Scanner

# ENGLISH

| SL No | LEARNING AIMS | ACTIVITY DETAILS | DURATION | DUTY |
|---|---|---|---|---|
| 5. | Reader of the week | ഓരോ ക്ലാസിൽ നിന്നും വായനാ കാർഡ് വായനയിലൂടെ 'Reader of the week' കണ്ടെത്തുന്നു. ശേഷം സ്കൂൾ തലത്തിലും കണ്ടെത്തുന്നു. | Throughout the year (weekly) | Class Teacher English club. |
| 6. | Story Time | ക്ലാസിൽ English stories, Songs കേൾക്കാനും ആസ്വദിക്കാനും അവസരം നൽകുന്നു. | Throughout the year (one day in a week) | Class Teacher |
| | | | | |

ഉപമേഖലകൾ

* ചതുഷ്ക്രിയകൾ
* മനഃഗണിതം
* പാറ്റേൺ
* കുസൃതി കണക്കുകൾ
* നിർമ്മാണപ്രവർത്തനങ്ങൾ
* ഗണിത - ദിനാചരണങ്ങൾ
* ഗണിത ക്വിസ്
* അക്ഷര~~പുലരി~~പുലരി പ്രവർത്തനം.
* ഗണിത കളികൾ

## അക്ഷരപുലരി പ്രവർത്തനം

നമ്മുടെ വിദ്യാലയത്തിന്റെ ഒരു തനത് പ്രവർത്തനമാണ് അക്ഷരപുലരി പ്രവർത്തനം. നമ്മുടെ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളും നാലാം ക്ലാസ് പൂർത്തിയാക്കുമ്പോൾ നേടേണ്ട ശേഷികൾ മുഴുവൻ നേടിയെടുക്കുക എന്നതാണ് നമ്മുടെ ഉദ്ദേശ്യം. അതിനായി ഒന്നാം ക്ലാസ് മുതൽ കുട്ടികൾക്ക് ആഴ്ചയിൽ ഒരു ദിവസം മൂന്നുമണിമുതൽ നാലുമണിവരെ എടുക്കുകയും കുട്ടികളെ ഗണിതം പ്രധാന വിഷയമായി ഗുണനം സംഖ്യകൾ, സങ്കലനം, വ്യവകലനം, ഹരണം, ഇവയ്ക്ക് പ്രധാന്യം നൽകി പ്രവർത്തനങ്ങൾ നൽകാനാണ് ഉദ്ദേശ്യം. പ്രീടെസ്റ്റ് നടത്തി വിവിധ പഠനനിലവാരത്തിനനുസരിച്ച്) ഗ്രൂപ്പുകളായി തിരിച്ച് പ്രവർത്തനങ്ങൾ നൽകി. ഗണിതം ലളിതവും രസകരവുമാക്കുകയും ചെയ്തു.